**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 07.06.2025

# അധ്യാപക പുനർനിയമനം ക്രമപ്പെടുത്തുന്നതിന് കൈക്കൂലി:- റിട്ടയേർഡ് ഹെഡ്മാസ്റ്ററായ ഏജന്റ് വിജിലൻസ് പിടിയിൽ.

കോട്ടയം ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ മൂന്ന് അധ്യാപകരുടെ പുനർനിയമനം ക്രമപ്പെടുത്തുന്നതിന് സെക്രട്ടേറിയേറ്റിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകാനായി 1.5 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ റിട്ടയേർഡ് ഹെഡ്മാസ്റ്ററും ഇടനിലക്കാരനുമായ കോഴിക്കോട് വടകര സ്വദേശി കെ.പി. വിജയനെ വിജിലൻസ് ഇന്ന് (07.06.2025) കയ്യോടെ പിടികൂടി.

കോട്ടയം ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ മൂന്ന് അധ്യാപകരുടെ പുനർ നിയമനം ക്രമപ്പെടുത്തുന്നത് സംബന്ധിച്ച ഫയൽ നടപടി ക്രമങ്ങൾ തിരുവനന്തപുരം സെക്രട്ടേറിയേറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നടന്ന് വരുന്നുണ്ടായിരുന്നു. 2025 ഏപ്രിൽ മാസം സെക്രട്ടേറിയേറ്റിൽ നിന്നാണെന്ന് പറഞ്ഞ് ഏജന്റായ വിജയൻ ഇതിൽ ഒരു അധ്യാപകനെ ഫോണിൽ വിളിക്കുകയും ഫയലിൽ പ്രശ്നങ്ങളുണ്ടെന്നും, കാല താമസമുണ്ടാകുമെന്നും, മറ്റ് രണ്ട് അധ്യാപകരെയും കൂട്ടി തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിൽ എത്തണമെന്നും പറഞ്ഞിരുന്നു. തുടർന്ന് സെക്രട്ടേറിയറ്റിൽ പോകുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്ന അധ്യാപകർ കോട്ടയം പാലാ സ്വദേശിയും അധ്യാപക സംഘടനാ നേതാവുമായ പരാതിക്കാരനെ ഫയലുകൾ ശരിയാക്കുന്നതിന് ചുമതലപ്പെടുത്തി. തുടർന്ന് പരാതിക്കാരൻ സെക്രട്ടേറിയേറ്റിന് സമീപം എത്തി ഫോണിൽ വിളിച്ച വിജയനെ നേരിൽ കണ്ടപ്പോൾ ഫയലിൽ പ്രശ്നങ്ങളുണ്ടെന്നും, കാലതാമസമില്ലാതെ ഫയൽ ശരിയാക്കുന്നതിന് പണ ചിലവുണ്ടെന്ന് പറയുകയും പരാതിക്കാരന്റെ മുന്നിൽ വച്ച് സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഫോണിൽ വിളിച്ച് സംസാരിക്കുകയും, ഉദ്യോഗസ്ഥർക്ക് നൽകാൻ 1.5 ലക്ഷം രൂപ കൈക്കൂലി നൽകണമെന്ന് പറയുകയും ചെയ്തു. തുടർന്ന് പരാതിക്കാരൻ ഏജന്റായ വിജയനെ ഫോണിൽ വിളിച്ചപ്പോൾ 31.05.2025 തിയതി തിരുവനന്തപുരത്തെത്തി 1.5 ലക്ഷം രൂപ കൈക്കൂലി നൽകാൻ അറിയിച്ചിരുന്നു. ഫയലിന്റെ വിവരം തിരക്കാൻ തിരുവനന്തപുരത്തെത്തിയ പരാതിക്കാരനെ

തൈക്കാട് ഉള്ള കോർട്ട്യാർഡിന് സമീപം വിളിച്ച് വരുത്തുകയും അവിടെ വച്ച് സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്ന് പറഞ്ഞയാൾ പുനർ നിയമനം ക്രമപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് പരാതിക്കാരന് നൽകുകയും, നിയമന ഉത്തരവ് കാലതാമസം കൂടാതെ ശരിയാക്കിയതിന് ചിലവുണ്ടെന്നും, കൈക്കൂലി ഏജന്റായ വിജയനെ ഏൽപ്പിക്കണമെന്ന് പറയുകയും ചെയ്തു. തുടർന്ന് പല പ്രാവശ്യം വിജയൻ പരാതിക്കാരനെ ഫോണിൽ വിളിക്കുകയും, 07.06.2025 തിയതി എറണാകുളം എ.ജി. ഓഫീസിന് സമീപം വച്ച് കൈക്കൂലി പണം നൽകണമെന്നും പറഞ്ഞു. കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരനും അദ്ധ്യാപകരും ഈ വിവരം കോട്ടയം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (07.06.2025) ഉച്ചക്ക് 01.50 മണിക്ക് എറണാകുളം ഹൈകോർട്ട് ജംഗ്ഷനിലെ വാട്ടർ മെട്രോ സ്റ്റേഷന് സമീപം വച്ച് പരാതിക്കാരനിൽ നിന്നും 1,50,000/- രൂപ കൈക്കൂലി വാങ്ങവേ ഏജന്റായ കോഴിക്കോട് വടകര സ്വദേശിയും, വടകര കെ.എൽ.എൽ.പി സ്കൂളിലെ മുൻ ഹെഡ് മാസ്റ്ററുമായിരുന്ന കെ.പി.വിജയനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. ഇതുമായി ബന്ധപ്പെട്ട് വിജയന്റെ കോഴിക്കോട് വടകര തോടന്നൂർ, കീഴൽ എന്ന സ്ഥലത്തുള്ള വീട്ടിൽ വിജിലൻസ് സംഘം സെർച്ച് നടത്തുകയും ചെയ്തു. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.